# പതിനാലാം കേരള നിയമസഭ

## ബുള്ളറ്റിൻ ഭാഗം - 2

## 2019 ജനുവരി 22

**നമ്പർ : 605**

**2000 - ലെ കേരള സ്പോർട്സ് ആക്ട് (2001 - ലെ 2 - ാം ആക്ട്) പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് മൂന്ന് നിയമസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്.**

2000 - ലെ കേരള സ്പോർട്സ് ആക്ടിലെ (2001 - ലെ 2 - ാം ആക്ട്) 3(3) വകുപ്പ് പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് കേരള നിയമസഭാംഗങ്ങളിൽ നിന്നും മൂന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം അനുസരിച്ച് ഒറ്റ കൈമാറ്റ വോട്ട് മുഖേന ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. തെരഞ്ഞെടുപ്പിനുള്ള സമയപട്ടിക താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്.

| | | |
|---|---|---|
| സെക്രട്ടറി മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | : | 2019 ജനുവരി 28 ഉച്ചയ്ക്കുശേഷം 3 മണി വരെ |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : | 2019 ജനുവരി 29 രാവിലെ 11 മണിക്ക് |
| നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | : | 2019 ജനുവരി 31 ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ |
| ആവശ്യമായി വരികയാണെങ്കിൽ വോട്ടെടുപ്പ് നടത്തുന്ന തീയതിയും സമയവും | : | 2019 ഫെബ്രുവരി 4 രാവിലെ 9.30 നും ഉച്ചയ്ക്ക് ശേഷം 1.30 നും മദ്ധ്യേ |

തെരഞ്ഞെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ രണ്ടാം നിലയിലുള്ള 604 - ാം നമ്പർ റൂമിൽ വച്ച് മേൽപറഞ്ഞ സമയക്രമമനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

വി.കെ.ബാബുപ്രകാശ്
സെക്രട്ടറി